# മാർ ഗ്രീഗോറിയോസ്

# യുപി സ്കൂൾ പെരുമ്പുഴ

**Phone: 04762520754, 9497176998**

**41569kundara@gmail.com**

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# 2025-26

## ഉള്ളടക്കം


- പ്രൊഫൈൽ
- ആമുഖം
- അധ്യാപകർ നിലവിലെ അവസ്ഥ
- വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കാനുള്ള അനുബന്ധ സംവിധാനങ്ങൾ
- ലക്ഷ്യങ്ങൾ
- വിഷയാധിഷ്ഠിത പ്ലാനുകൾ

# <u>പ്രൊഫൈൽ</u>

| | | |
|---|---|---|
| വിദ്യാലയത്തിന്റ പേര് | : | MG UPS പെരുമ്പുഴ |
| വിലാസം | : | MG UPS പെരുമ്പുഴ,<br>എളമ്പള്ളൂർ പി.ഓ.691504 |
| ഫോൺ നമ്പർ | : | 04742520754 |
| ഇ മെയിൽ വിലാസം | : | 41659kundara@gmail.com |
| സ്കൂൾ കോഡ് | : | 41659 |
| സർക്കാർ/ എയ്ഡഡ് / അൺ എയ്ഡഡ് | : | എയ്ഡഡ് |
| ക്ലാസ് | : | Std V - VII |
| സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര് | : | General |
| വിദ്യാഭ്യാസ ഉപജില്ല | : | കുണ്ടറ |
| വിദ്യാഭ്യാസ ജില്ല | : | കൊല്ലം |
| സ്കൂൾ സ്ഥാപിച്ച വർഷം | : | 1933 |

# ആമുഖം

വിദ്യാഭ്യാസ സൗകര്യങ്ങൾ വളരെ പരിമിതമായിരുന്ന കാലഘട്ടത്തിൽ ഈ പ്രദേശ വാസികളുടെ ഉയർച്ചയെ ലക്ഷ്യമാക്കി കൊരണ്ടിപ്പള്ളിൽ പരേതനായ ശ്രീ. ഗോപാലകൃഷ്ണ പിള്ളയാണ് 1933 ൽ ഈ സ്കൂളിലിൽ സ്ഥാപിച്ചത്. ഈ സ്കൂളിന്റെ ആദ്യകാല നാമധേയം 'ശ്രീ ഗോപാല വിലാസം സംസ്കൃത ഹൈസ്കുൾ (ട.ഏഢ.ഒ.ട)'എന്നായിരുന്നു. കുണ്ടാ കൊട്ടിയം റൂട്ടിൽ ഇളമ്പള്ളൂർ പഞ്ചായത്തിൽ പുന്നമുക്ക് വാർഡിൽ (വാർഡ് നമ്പർ 9) പെരുമ്പുഴ ജംഗ്ഷനു സമീപത്തായിട്ടാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. ആദ്യകാലഘട്ടങ്ങളിൽ സമീപസ്ഥലങ്ങളിൽ സ്കൂൾ ഇല്ലായിരുന്നു.

ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയസ് തിരുമേനിയുടെ കാലത്ത അന്നത്തെ ഇടവക വികാരിയായുരുന്ന കാത്ബർട്ട് അച്ചന്റെ ശ്രമഫലമായാണ് 1965 ശ്രീ. ഗോപാലപിള്ള അവർകളിൽ നിന്നും എം. എസ്. സി ദാനേജ്മെന്റ് ഈ സ്കൂൾ വാങ്ങിയത്. തുടർന്ന് ഈ വിദ്യാലയത്തിൻറെ പേര് മാർ ഗ്രിഗോറിയസ്" യു. പി. സ്കൂൾ എന്നാക്കി.

ആറ് ബ്ലോക്കുകളിലായി നിലനിന്നിരുന്ന ഈ സ്കൂളിൽ സംഗീതം, ചിത്രക കായികപരിശീലനം തുടങ്ങി പാഠ്യേതര വിഷയങ്ങൾക്കും അധ്യാപകരുണ്ടായിരുന്നു 31 അധ്യാപകരും ഒരു അനധ്യാപകനും പ്രമാദധ്യാപകനും ഉണ്ടായിരുന്ന ഈ വിദ്യാലയത്തിൽ മൂന്ന് ക്ലാസ്സുകളിലായി 24 ഡിവിഷനുകളും ഉണ്ടായിരുന്നു.

ഈ പ്രദേശത്തെ മറ്റ് യു. പി. സ്കൂമുകളിൾ ആയ യു. പി. ജി. എസ് ആലുംമൂട് എസ്. എ. ബി. റ്റി. എം. യു പി. എസ് കുരിപ്പള്ളി തുടങ്ങിയ സ്കൂളുകളുടെ സ്ഥാപക മാനേജർമാർ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളായിരുന്നു. മുൻ എം. പി. ശ്രീ. പി. രാജേന്ദ്രൻ, പ്രശസ്ത കവി ശ്രീ പെരമ്പുഴ ഗോപാലകൃഷ്ണൻ തുടങ്ങി സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മേഖലകളിൽ വ്യക്തിരു പ്രതിപ്പിച്ച പല പ്രമുഖ വ്യക്തിത്വങ്ങളും ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികൾ ആണ്.

# അധ്യാപകർ -നിലവിലെ അവസ്ഥ

| വിഭാഗം | അധ്യാപകരുടെ എണ്ണം | 3 വർഷത്തിൽ കൂടുതൽ പ്രവർത്തിക്കുന്നവരുടെ എണ്ണം |
|---|---|---|
| HM | 1 | - |
| UPSA | 2 | 1 |
| HINDI Tr | 1 | 1 |
| SKT Tr | 1 | 1 |
| ARABIC | 1 | 1 |

# വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കാനുള്ള അനുബന്ധ സംവിധാനങ്ങൾ നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലെ അവസ്ഥ |
|---|---|
| SRG | ആഴ്ചതോറും എസ്. ആർ. ജി കൂടുന്നു. പഠന നിലവാരം വിലയിരുത്തുന്നു. അടുത്ത ആഴ്ചയിലേക്ക് TM, TLM ഇവ ചർച്ച ചെയ്ത് തയ്യാറാക്കുന്നു. പഠന പിന്നോക്കം നിൽക്കുന്നവർക്കായുള്ള TLM തയ്യാറാക്കുന്നു കൃത്യമായ വിലയിരുത്തലുകൾ നടത്തുന്നു. ദിനാചരണങ്ങൾ മേളകൾ,കലോൽസവം, ഫണ്ട് വിനയോഗം ഇവ ചർച്ച ചെയ്യുകയും വേണ്ട തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്യുന്നു. |
| PTA, MPTA. SSG | PTA, MPTA. SSG ഇവയുടെ യോഗം രണ്ടു മാസത്തിലൊരിക്കൽ നടത്തുന്നു. ഓരോ മാസവും നടക്കാനിരിക്കുന്ന ബോധനതന്ത്രങ്ങളെക്കുറിച്ച് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. രക്ഷിതാക്കുളുടെ വിലയിരുത്തലുകൾ, ദിനാചരണങ്ങൾ, മേളകൾ, കലോൽത്സവം, ഇവയിൽ പങ്കാളിത്തം പഠനം, യാത്ര, സ്കൂൾ വികസ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നു. നടപ്പിലാക്കുന്നു. |
| ക്ലബ് പ്രവർത്തനങ്ങൾ | ക്ലബ് പ്രവർത്തനങ്ങൾ ക്ലബ് കൺവീനേഴ്സിന്റെ നേതൃത്വത്തിൽ സജീവമായി നടക്കുന്നു.ഗണിത ക്ലബിന്റെ നേതൃത്വത്തിൽ ഗണിത ലാബ് സജ്ജീകരീക്കൽ TLM മെട്രിക് മേള, ഗണിത ശാസ്ത്രമേള ഇവയ്ക്ക് ആവിശ്യമായ പ്രവർത്തനങ്ങൾ എന്നിവ നടത്ത വരുന്നു.സാമൂഹ്യ ശാസ്ത്ര ക്ലബിന്റെ നേതൃത്വത്തിൽ ശാസ്ത്ര മേളകൾ, ശാസ്ത്ര ലാബ് സജ്ജീകരിക്കൽ സാമൂഹ്യ ശാസ്ത്ര TLM തയ്യാറാക്കൽ, ശാസ്ത്ര മേളകൾക്കാവശ്യമായ തയ്യാറെടുപ്പുകൾ എന്നിവ നടത്തി വരുന്നു. |
| ലൈബ്രറി | നല്ല രീതിയിൽ ഒരു ലൈബ്രറി പ്രവർത്തിക്കുന്നു. ആഴ്ചതോറും പുസ്തകങ്ങൾ നൽകുകയും വായനക്കുറുപ്പ് തയ്യാറാക്കുകയും ചെയ്യുന്നു. കൂടാതെ എല്ലാ ദിവസവും ഇന്റർവെൽ സമയങ്ങളിൽ പത്രം പുസ്തകങ്ങൾ എന്നിവ ഉപയോഗിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ക്ലാസ്മുറികളിൽ തന്നെ ഒരുക്കുന്നു. ഓരോ ക്ലാസ്സിന്റെയും നിലവാര മനുസരിച്ചുള്ള പുസ്തകങ്ങൾ വിതരണം ചെയ്യുന്നു |
| സാമൂഹിക പങ്കാളിത്തം | സാമൂഹിക പങ്കാളിത്തത്തോടെ കുട്ടികൾക്ക് ആവിശ്യമായ പഠനോപകരണങ്ങൾ ലഭിച്ചു വരുന്നു.<br>സമീപ പ്രദേശത്തെ ലൈബ്രറിയിൽ നിന്നും വായന ദിനം മറ്റു പ്രധാനപ്പെട്ട ദിനാചരണങ്ങളോടനുബന്ധിച്ച് വിവിധ പരിപാടികൾ നടത്തിവരുന്നു |

# ലക്ഷ്യങ്ങൾ

- പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
- പരിസ്ഥിതി സൗഹാർദ്ദ അന്തരീക്ഷം വളർത്തിയെടുക്കുക.
- ശുചിത്വ പൂർണ്ണമായ അന്തരീക്ഷം വളർത്തിയെടുക്കുക.
- കുട്ടികളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുക.
- ശിശു കേന്ദ്രീകൃത വിദ്യാഭ്യാസം നടപ്പിലാക്കുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് ആത്മ വിശ്വാസം നൽകുന്ന പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുക.
- സ്കൂളിന്റെ ഉന്നമനത്തിനായി പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വ അദ്ധ്യാപകർ, വിവിധ സംഘടനകൾ, കലാകാരന്മാർ, അഭ്യുദയ കാംക്ഷകൾ എന്നിവരുടെ സഹകരണം ഉറപ്പുവരുത്തുക.
- സ്കൂൾ തലത്തിൽ ടാലന്റ് ടെസ്റ്റുകൾ, ക്വിസ് മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുക
- കായിക രംഗത്ത് കുട്ടികളുടെ കഴിവ് കണ്ടെത്തി അവ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കുക.
- ആരോഗ്യ പരിപാലന ക്ലാസുകൾ, മെഡിക്കൽ ചെക്ക് അപ്പുകൾ എന്നിവ സംഘടിപ്പിക്കുക.
- ലഹരി വിമുക്ത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ നടത്തുക.
- സ്കൂളിന്റെ പ്രവർത്തനങ്ങൾ പിറ്റിഎ യുടെ സഹകരണത്തോട് കൂടി നടത്തുക.

# വിഷയാധിഷ്ഠിത പ്ലാനുകൾ

| യു.പി. ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു | Lend Your Ear ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യ ങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | വർഷം മുഴുവനും | ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് ക്ലബ്ബ് | |
| വാക്കുകൾ പരിചയപ്പെടുന്നതിലൂടെ കുട്ടികൾക്ക് ഭാഷയോടുള്ള പേടി മാറുകയും ഇംഗ്ലീഷ് എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ കഴിയുകയും ചെയ്യുക | Vocab Corner: ദിവസേന ഓരോ ഇംഗ്ലീഷ് വാക്കുകൾ ബോർഡിൽ പ്രദർശിപ്പിക്കുകയും അവ കുട്ടികൾ എഴുതി അർത്ഥം അവയുടെ പ്രയോഗം എന്നിവ പഠിപ്പിക്കുകയും ചെയ്യുന്നു. | വർഷം മുഴുവനും | ഇംഗ്ലീഷ് അധ്യാപകൻ | |
| വാർത്തകളിലൂടെ കുട്ടിയിലേക്ക് ഉച്ചാരണ രീതി ഭാഷ പ്രയോഗം എന്നിവ മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിക്കുന്നു | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്തത് കേൾപ്പിക്കുന്നു ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു | ജൂലൈ -ഡിസംബർ | ഇംഗ്ലീഷ് ക്ലബ്ബ് | |
| പാഠപുസ്തകത്തിലെ ആശയങ്ങളെ കുട്ടികൾ റോൾ പ്ലേയിലൂടെ മനസിലാക്കാൻ ശ്രമിക്കുന്നു | Roll with the Roles: പാഠപുസ്തകത്തിലെ കഥ സാഹചര്യങ്ങളെ റോൾ പ്ലേയിലൂടെ കുട്ടികൾ പഠിക്കുന്നു | ഓഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകൻ | |
| | Let’s talk about it: വായനാക്കളരിയിലൂടെ കുട്ടികൾക്ക് ഭാഷയെ പരിചയപ്പെടുത്തുക | ഡിസംബർ | ഇംഗ്ലീഷ് ക്ലബ്ബ് | |

| **യു പി ഗണിതം** | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| കുട്ടികളിൽ ഗണിതത്തോടുള്ള പേടി മാറ്റിയെടുക്കുക, നിത്യജീവിതത്തിലെ സാഹചര്യങ്ങളിലൂടെ ഗണിതം കൂടുതൽ മനസിലാക്കുക | **ലളിതം ഗണിതം**<br>ലളിതമായ ഗണിതക്രിയകളിലൂടെ കുട്ടികളിലെ കണക്കിനോടുള്ള പേടി മാറ്റിയെടുക്കുന്നതിനും ദിവസേനയുള്ള ക്രിയാഗണിതങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ഗണിതം എന്ന വിഷയത്തിൽ കുട്ടികൾക്ക് താല്പര്യം ഉണ്ടാക്കിയെടുക്കുക | വർഷം മുഴുവൻ | ഗണിതാധ്യാപകൻ | |
| ഗണിത രൂപങ്ങളുടെ സഹായത്തോടു കൂടി ചിത്രങ്ങൾ വരക്കാനും അതിലൂടെ ഗണിത രൂപങ്ങളെ പറ്റി മനസിലാക്കാനും കുട്ടിയെ പ്രാപ്തനാക്കുക | **നമുക്ക് വരക്കാം**: ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ചുള്ള ചിത്ര രചനാ മത്സരം | മാസത്തിലൊരിക്കൽ | ഗണിതാധ്യാപകൻ | |
| കളികളിലൂടെ വർഗ്ഗങ്ങൾ ജ്യാമിതീയ രൂപങ്ങൾ എന്നിവ മനസിലാക്കുക | കളിക്കാം പഠിക്കാം : വിവിധ ഗെയിമുകളിലൂടെ കുട്ടികൾ വർഗ്ഗങ്ങളെപറ്റി മനസിലാക്കുന്നു. രൂപങ്ങൾ തിരിച്ചറിയാൻ അവർ പ്രാപ്തരാകുന്നു | ഓഗസ്റ്റ് | | |
| കുട്ടികളെ ക്വിസുകളിലൂടെ ഗണിതം കൂടുതൽ പരിചയപ്പെടുത്തുക | ഗണിത ക്വിസ് | ഡിസംബർ | ഗണിതാധ്യാപകൻ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠന പിന്തുണ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് കൃത്യമായി ഗണിത ക്ലബ്ബിലെ കുട്ടികളുടെ സഹായത്തോടുകൂടി പഠനസാഹചര്യം ഒരുക്കാൻ ശ്രമിക്കുന്നു. | വർഷം മുഴുവൻ | ഗണിതാധ്യാപകൻ<br>ഗണിത ക്ലബ് | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

| യു പി സയൻസ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| കുട്ടികളിൽ ശാസ്ത്ര പഠന ത്തിനോടുള്ള ആഭിമുഖ്യം വ ളർത്തുക | **തുരുത്തിലേക്കൊരു യാത്ര** : കണ്ടൽ കാടു കളെ അറിയാനും പരിചയിക്കാനും ആയി അ ടുത്തുള്ള മൺറോ തുരുത്തിലേക്ക് പഠന യാ ത്ര | ഓഗസ്റ്റ് | ശാസ്ത്ര ക്ലബ് | ശാസ്ത്ര ക്ലബ് |
| കുട്ടികൾക്ക് ചന്ദ്രനെപ്പറ്റി യും അതിന്റെ പ്രത്യേകത കളെപ്പറ്റിയും അറിവുണ്ടാ ക്കുക | **നമ്മുടെ സ്വന്തം ചന്ദ്രേട്ടൻ** : ചാന്ദ്ര ദിനാഘോഷ വും , ചാന്ദ്ര ദിന പതിപ്പ് തയ്യാറാക്കലും | ജൂലൈ | ശാസ്ത്ര ക്ലബ് | |
| കുട്ടികളിൽ പരീക്ഷണ അഭി രുചി ഉണ്ടാക്കുക , നിരീക്ഷ ണങ്ങളിലൂടെ നിഗമന ത്തിലെത്താൻ പ്രാപ്തരാ ക്കുക | **യുറേക്കാ** : നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുക ൾ ആരംഭിക്കുന്നു പരീക്ഷണ കിറ്റുകൾ നിർ മ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടു ത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | വർഷം മുഴുവ ൻ | ശാസ്ത്ര ക്ലബ്<br><br>ശാസ്ത്രാധ്യാ പകൻ | |
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാ സ്ത്ര സാങ്കേതിക വിദ്യ യുടെ സാധ്യതകളുമായി ബ ന്ധപ്പെടുത്തി ശാസ്ത്ര പഠന ത്തിനായി പ്രയോജനപെ പ്പെടുത്തുക | **വിസ്മയ യാത്ര:** ഐറ്റി.സി യുടെ സഹായ ത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടിക ളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലു കൾ, ശാസ്ത്രിത സത്യ ങ്ങൾ. ശാസ്ത്രകാരന്മാ രുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബ ന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവ യുടെ വീഡിയോ പ്രദർശനം | വർഷം മുഴുവ ൻ | ശാസ്ത്രാധ്യാ പകൻ | |
| | **എക്സ്പോ എക്സ്പ്ലോർ**<br>ആധുനിക ശാസ്ത്രലോക ത്തിന്റെ വിവ ധ കണ്ടെത്തലു കൾ അടങ്ങിയ പരീക്ഷ ണ ങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാത്രോത്സവം സംഘടി പ്പിക്കുന്നു. | ഫെബ്രുവരി | ശാസ്ത്ര ക്ലബ്<br><br>ശാസ്ത്രാധ്യാ പകൻ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2024- 25

**വിഷയം : അറബിക്**

**പ്രശ്നം:** സ്വതന്ത്ര വായനക്ക് പ്രയാസം നേരിടുന്നു.
**ലക്ഷ്യം:** അറബി ഭാഷ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളെയും പ്രസ്തുത ഭാഷയിൽ മികച്ച വായനക്കാരാക്കുക

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായിക്കാം വളരാം هيا نقرأ | നിലാവാര പഠനം | ജൂൺ 12- 25 | AT | 100/- |
| | വിശകലനം | ജൂൺ 30 | AT | |
| | വായന സാമഗ്രികൾ ശേഖരിക്കൽ ( കാർഡ്, പുസ്തകങ്ങൾ എന്നിവ ) | ജൂലൈ- 15 | PTA, AC | 750/- |
| | തുടർവായന | ജൂലൈ 15 – ജനുവരി 15 | AT, AC | |
| | ആശയവിവരണം | ആഴ്ചയിൽ | AC | |
| | വായന ഫെസ്റ്റ് | ജനുവരി 1- 10 | PTA, AC | 1500/- |

**പ്രശ്നം:** സ്വതന്ത്ര ആശയ വിനിമയത്തിന് പ്രയാസം നേരിടുന്നു.
**ലക്ഷ്യം:** ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കൽ.

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബിയിൽ സംസാരിക്കാം هيا نتكلم في العربية | മെറ്റീരിയൽ ശേഖരിക്കുക | ജൂലൈ 1- 30 | PTA, AC | 500/- |
| | കേൾക്കാം പറയാം | ആഗസ്റ്റ് 5- ഡിസംബർ 30 | AC | |

**പ്രശ്നം:** അറബി ഭാഷ നിഘണ്ടു ഉപയോഗിക്കാൻ പ്രയാസം നേരിടുന്നു.
**ലക്ഷ്യം:** അറബി ഭാഷ പഠിക്കുന്ന വിദ്യാർത്ഥികളെ അറബിക് ഭാഷ നിഘണ്ടു ഉപയോഗിക്കാൻ പ്രപ്തരാക്കുന്നു.

**പ്രശ്നം:** പദസമ്പത്തിന്റെ കുറവ്
**ലക്ഷ്യം:** പദസമ്പത്ത് വർദ്ധിപ്പിക്കൽ, അറബിക് ഭാഷയെ കൂടുതൽ അറിയൽ

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പദങ്ങളെ പരിചയപ്പെടാം | പദച്ചങ്ങല നിർമ്മാണം | ജൂലൈ- ജനുവരി | AC | 100/- |

## അക്കാദമിക് മാസ്റ്റർ പ്ലാൻ

**മേഖല – അക്കാദമികം** **(UP & HS)** **ഉപമേഖല: സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസംയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc...<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങളുടെ demonstration | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc.. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## PROJECT (SANSKRIT)

- **സംസ്കൃതം ലൈബ്രറി**
  സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിതഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃതദിനാചരണം**
  സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

- **സംസ്കൃത അസംബ്ലി**
  വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- **സംസ്കൃതസംഭാഷണ ശിബിരം**
  സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ.

- **പഠനയാത്രകൾ സംഘടിപ്പിക്കൽ**
  സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- **വിവിധ മത്സരങ്ങൾ**
  കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

- **മികച്ച വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷൾക്കുള്ള പ്രത്യേകപരിശീലനം**
  സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

- **ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**
  വിക്ടേഴ്സ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ.  സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ , ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

## മേഖല യു പി ഹിന്ദി

### പൊതുവായ ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതു വാനും സംസാരിക്കുവാനുമുള്ള ക ഴിവ് വളർത്തിയെടുക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനകേന്ദ്രങ്ങൾ എല്ലാ കുട്ടികളിലും നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷാ പഠനം ലളിതവും. രസകരവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശ സ്നേഹവും വളർത്തിയെടുക്കുക.
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|---|
| 1. | അക്ഷരം, ചിഹ്നം ചിഹ്നം തുടങ്ങിയ തിരിച്ചറിയാൻ പരിശീലിപ്പിക്കൽ<br><br>ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br><br>അക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | 1. അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു.<br><br>2. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br><br>3. ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ജൂൺ ജൂലൈ | | അധ്യാപകർ |
| 2. | ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | 1. ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടെയും ജനന തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു.<br>2. വർക്കു ഷീറ്റുകൾ നൽകുന്നു ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | ഓഗസ്റ്റ് സെപ്. | | |
| 3. | ഹിന്ദി അനായസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br>വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കാൻ കഴിയുന്നു. | 1. കേട്ടെഴുത്ത്, പദസൂര്യൻ പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>2. ചിത്രകഥ, കാർട്ടൂൺ ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസം. ജനു. | | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|---|
| 4. | ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ജൂൺ ജൂലൈ | | |
| 5. | നാമം, സർവ്വ നാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു.<br><br>ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | 1. ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വ നാമം വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br><br>2. കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു.<br><br>3. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | ഓഗസ്റ്റ് സെപ്. | | |
| 6. | പോസ്റ്റർ തയ്യാറാക്കുവാൻ അറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യനിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ഡിസം. നവം. | | |
| 7. | കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങ ഭാഷാ വസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായ സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ജൂൺ ജൂലൈ | | |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്ര ത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടി സ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാ വബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യ മുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപ പ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോ ടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെ ക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാ ക്കളെ ബോധവാന്മാരാ ക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങ ളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പി ക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 5) സഹജീവികളോട് സമ ഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങ ളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേ തിക വിദ്യയുടെ ദുരുപയോ ഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാ ന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടു ത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇട പെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടു കൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷ യത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തി ലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

## ലക്ഷ്യങ്ങൾ

- ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുക
- ആരോഗ്യകരമായ ഭക്ഷണശീലം വളർത്തൽ
- ദിവസേനയുള്ള വ്യായമം ശീലമാക്കുക.
- ശുചിത്യമുള്ള പരിസരത്തിന്റെ മൂല്യം ബോധ്യപ്പെടുത്തുന്നു.
- കായികക്ഷമതയുടെ പ്രാധന്യം കുട്ടികളെ ബോധ്യപ്പെടുത്തുക.

## അക്കാദമിക മാസ്റ്റർപ്ലാൻ-ആരോഗ്യ കായിക വിദ്യാഭ്യാസം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ശാരീരിക ചാലകവികാസം | 1. ശാരീരിക ചലനം വേണ്ട കളികളിൽ ഏർപ്പെടാനുള്ള അവസരം നൽകുന്നു.<br>2. ലഘു വ്യായമങ്ങൾ<br>3. കായിക പരിശീലനം<br>4. യോഗ പരിശീലനം | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ<br>ബി. ആർ. സി | | |
| 2 | ശുചിത്വം | 1. ഓരോ ക്ലാസിലും ഹെൽത്ത് ഇൻ സ്പെക്ടർമാരെ തിരഞ്ഞെടുക്കുന്നു.<br>2. ആരോഗ്യ ശുചിത്യ ശീലങ്ങൾ എഴുതിയ പോസ്റ്ററുകൾ പ്രദർ ശിപ്പിക്കൽ. | ആഗസ്റ്റ് സെപ്റ്റംബർ | ഹെൽത്ത് ക്ലബ് | | |
| 3 | ആഹാരശീലങ്ങ ൾ | 1. ഫാസ്റ്റ് ഫുഡ് - പരമ്പരാഗത ഭക്ഷണം സംവാദം.<br>2. ബോധവത്കരണ ക്ലാസ്സുകൾ<br>3. പോഷകസമൃദമായ ഭക്ഷണം ഉറപ്പുവരുത്തൽ | | ഹെൽത്ത് ക്ലബ് | | |
| 4 | ശാരീരിക-മാനസിക ആരോഗ്യം | 1. ബോധവത്കരണ ക്ലാസ്സുകൾ.<br>2. ഗൈഡൻസ് & കൗൺ സിലിംഗ്.<br>3. മെഡിക്കൽ ക്യാംപ് | | ഹെൽത്ത് ക്ലബ് & PTA | | |

# കലാപഠനം

## ലക്ഷ്യങ്ങൾ

- തുടർച്ചയായ പരിശീലനത്തിലൂടെ കുട്ടികളുടെ മികവുകൾ കണ്ടെത്തുകയും അതിന് ആവിശ്യമായ പരിശീലനങ്ങൾ കണ്ടെത്തുകയും ചെയ്യുക.

## അക്കാദമിക മാസ്റ്റർപ്ലാൻ- കലാപഠനം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | കലാപഠനം | 1. പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ<br>2. അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തുക.<br>3. പ്രാദേശികമായ ലഭ്യമായ കലാകാരന്മാരെ ഉപയോഗിച്ച് പരിശീലനം സംഘടിപ്പിക്കുക.<br>4. ശില്പശാലകൾ സംഘടിപ്പിക്കുക.<br>5. വിവിധ കലാരൂപങ്ങളുമായി ബന്ധപ്പെട്ട വേഷവിധാനങ്ങൾ ഉപകരണങ്ങൾ എന്നിവ പരിചയപ്പെടാനും കാണാനുമുള്ള അവസരങ്ങൾ നൽകുന്നു.<br>6. കലാകരന്മാരെ കാണുനം അവരുമായി സംവദിക്കാനുമുള്ള അവസരം. | ജൂൺ - മാർച്ച്<br><br>ആഗസ്റ്റ്- സെപ്റ്റംബർ | ക്ലാസ് ടീച്ചർ | | |

| പ്രവൃത്തി പരിചയം | | | | | | |
|---|---|---|---|---|---|---|
| **ലക്ഷ്യങ്ങൾ**<br>◆ തുടർച്ചയായ പരിശീലനത്തിലൂടെ കുട്ടികളുടെ മികവുകൾ കണ്ടെത്തുകയും അതിന് ആവിശ്യമായ പരിശീലനങ്ങൾ കണ്ടെത്തുകയും ചെയ്യുക. | | | | | | |
| **അക്കാദമിക മാസ്റ്റർപ്ലാൻ- പ്രവൃത്തി പരിചയം** | | | | | | |
| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
| 1 | പ്രവൃത്തി പരിചയം | 1. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടത്തി ഉത്പന്നങ്ങൾ തയ്യാറാക്കുക,<br>2. പ്രാദേശികമായ ലഭ്യമായ കലാകാരന്മാരെ ഉപയോഗിച്ച് പരിശീലനം സംഘടിപ്പിക്കുക.<br>3. ശില്പശാലകൾ സംഘടിപ്പിക്കുക. | ജൂൺ - മാർച്ച്<br>ആഗസ്റ്റ് സെപ്റ്റംബർ | ക്ലാസ് ടീച്ചർ | | |

## <u>ഇതര പ്രവർത്തനങ്ങൾ</u>

**ക്വിസ് സോൺ**

എല്ലാ ദിവസവും ഉച്ചക്ക് ഇന്റർവെൽ സമയത്തു 10 ചോദ്യങ്ങൾ വീതം അധ്യാപകർ കുട്ടികൾക്ക് നൽകുകയും അവ ഒരു ബ്ലോക്കിൽ എഴുതി പഠിപ്പിച്ചുവരുന്നു.

**അസ്സംബ്ലി**

എല്ലാ ദിവസങ്ങളിലും ഓരോ ക്ലാസ്സിന്റെ നേതൃത്വത്തിൽ അസ്സംബ്ലി നടത്തുകയും ലഘുവ്യായാമങ്ങൾ മറ്റു നിർദ്ദേശങ്ങൾ സൂംബ പരിശീലനം എന്നിവ നടത്തി വരുന്നു

**ദിനാചരണങ്ങൾ**

എല്ലാ പ്രധാന ദിനാചരണങ്ങളും കൃത്യമായ രീതിയിൽ നടത്തി വരുന്നു പ്രത്യേക ദിവസങ്ങളിൽ ദിനപതിപ്പുകൾ കുട്ടികളെ ക്കൊണ്ട് നിർമ്മിക്കുന്നു

## ഉപസംഹാരം

2025-2026 അക്കാദമിക വർഷത്തെ സമഗ്രമായ മാസ്റ്റർ പ്ലാൻ ആണ് ഇവിടെ തയ്യാറാക്കിയിരിക്കുന്നത്. ഇതിലെ ഓരോ അക്കാദമിക പ്രവർത്തനങ്ങളും ക്ലാസ് തലത്തിൽ ഓരോ കുട്ടിക്കും പ്രയോജനം ചെയ്യുന്ന വിധത്തിൽ ആസൂത്രണം ചെയ്യാവുന്ന രീതിയിൽ ആണ് തയ്യാറാക്കിയിരിക്കുന്നത്. ഈ മാസ്റ്റർ പ്ലാനിൽ മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ച് മാറ്റങ്ങൾ വരാവുന്നതാണ്. പുതിയ പ്രവർത്തനങ്ങൾ കൂട്ടിച്ചേർക്കാവുന്നതാണ്. കുട്ടികളുടെ അടിസ്ഥാന ശേഷിവികസനത്തിനും പുരോഗതിയ്ക്കും ഈ മാസ്റ്റർ പ്ലാൻ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിച്ചുകൊള്ളുന്നു.